പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2339 **27-10-2026-ൽ മറുപടിയ്ക്ക്**

വിഴിഞ്ഞം തുറമുഖത്തിന്റെ വ്യവസായ നിക്ഷേപസാധ്യതകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി ഫാത്തിമ തഹിലിയ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്ത് വ്യവസായ വികസനം, നിക്ഷേപം, പുതിയ തൊഴിൽസൃഷ്ടി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

മറുപടി: ഉണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ തന്ത്രപ്രധാനമായ സ്ഥാനം പ്രയോജനപ്പെടുത്തി സംയോജിത ലോജിസ്റ്റിക്സ് പാർക്കുകൾ, വെയർഹൗസുകൾ, ശീതീകരണ സംഭരണ സംവിധാനങ്ങൾ, ചരക്ക് ഏകീകരണ കേന്ദ്രങ്ങൾ, മൾട്ടിമോഡൽ ഗതാഗത സൗകര്യങ്ങൾ എന്നിവ സ്ഥാപിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ആദ്യഘട്ടമായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ കീഴിൽ തിരുവനന്തപുരം സ്പിന്നിംഗ് മില്ലിന്റെയും കേരള ആട്ടോ മൊബൈൽ ലിമിറ്റഡിന്റെ അധീനതയിലുള്ള ഭൂമിയിൽ കണ്ടയിനർ ഫ്രൈറ്റ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഉൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ സമുദ്രാധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി നിക്ഷേപം ആകർഷിക്കുന്നതിനായി 'കേരള സമുദ്ര സാമ്പത്തിക പരിവർത്തന മിഷൻ - മിഷൻ സമുദ്ര (2026-2031)' സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ